**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - കാസർഗോഡ് ജില്ലയിൽ ബളാൽ കേക്കടവൻ വീട്ടിൽ ശ്രീ.ശരത്ത്.കെ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) നം.8077/2017 -ന്റെ 17.07.2020-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.763/2021/നി.വ തീയതി,തിരുവനന്തപുരം, 13/11/2021

---

പരാമർശം:-

1. ജി.ഒ.(ആർ.റ്റി) നം. 567/2004/നികുതി തീയതി 07.08.2004.
2. കാസർഗോഡ് ജില്ലയിൽ ബളാൽ കേക്കടവൻ വീട്ടിൽ ശ്രീ.ശരത്ത്.കെ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) നം.8077/2017 -ന്റെ 17.07.2020-ലെ വിധിന്യായം
3. കാസർഗോഡ് ജില്ലയിൽ ബളാൽ ചെമ്പൻചേരി കേക്കടവൻ വീട്ടിൽ ശ്രീ.ശരത്ത്.കെ 23.01.2021-ൽ സമർപ്പിച്ച അപേക്ഷ.
4. കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 24.04.2021-ലെ 3885/എഎ1/2021/കെ.എസ്.ബി.സി നമ്പർ കത്ത്.
4. 27.05.2021-ലെ എ3/43/2021-നികുതി നമ്പർ കത്ത്.
5. ശ്രീ.ശരത്ത്.കെ 07.09.2021-ൽ സമർപ്പിച്ച അപേക്ഷ.
6. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുടെ 29.09.2021-ലെ എഫ്/209/2017 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ചാരായ നിരോധനത്തെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ടതു മൂലം ആത്മഹത്യ ചെയ്ത ചാരായ തൊഴിലാളിയുടെ ആശ്രിതൻ എന്ന നിലയിൽ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ നിയമനം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട്, കാസർഗോഡ് ജില്ലയിൽ ബളാൽ ചെമ്പൻചേരി കേക്കടവൻ വീട്ടിൽ ശ്രീ.ശരത്ത്.കെ, ഫയൽ ചെയ്ത WP(C) No. 8077/2017 ഉൾപ്പെടെയുള്ള ഹർജികൾ തീർപ്പാക്കിക്കൊണ്ടു പരാമർശം (2) പ്രകാരം ബഹു: ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ 07.08.2004-നു മുൻപേ മരണപ്പെട്ട അബ്കാരി തൊഴിലാളിയുടെ Minor ആയ ആശ്രിതർക്കും, അവർ പ്രായപൂർത്തിയായതിനു ശേഷം ന്യായമായ സമയപരിധിക്കുള്ളിൽ അപേക്ഷ

സമർപ്പിച്ചിട്ടുണ്ടെങ്കിൽ അത് സർക്കാർ പരിഗണിക്കണമെന്ന് ഉത്തരവിടുകയുണ്ടായി.

2. ബഹു.ഹൈക്കോടതിയുടെ പരാമർശം (2) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ, തൊഴിൽ നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാമർശം (3) പ്രകാരം ശ്രീ.ശരത്ത്.കെ സർക്കാരിന് അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീ.ശരത്ത് സമർപ്പിച്ച അപേക്ഷ പരിശോധിച്ച സർക്കാർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ നൽകിയ പരാമർശം (4) റിപ്പോർട്ട് അടിസ്ഥാനമാക്കി, ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ തയ്യാറാക്കിയ 75 പേരുടെ ലിസ്റ്റിൽ ശ്രീ.ശരത്ത് ഉൾപ്പെട്ടിട്ടില്ലായെന്ന് കാണുന്ന സാഹചര്യത്തിൽ ടിയാന്റെ അപേക്ഷ നിരസിക്കുകയും പ്രസ്തുത വിവരം പരാമർശം (4) കത്ത് പ്രകാരം അപേക്ഷകനെ അറിയിക്കുകയും ചെയ്തിരുന്നു.

3. ബഹു.ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലും ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ തയ്യാറാക്കിയ 75 പേരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ലാത്ത സാഹചര്യത്തിലാണ് തന്റെ അപേക്ഷ പരിഗണിക്കുവാൻ നിർവ്വാഹമില്ലായെന്ന മറുപടി ലഭിച്ചതെന്നും എന്നാൽ ബഹു.ഹൈക്കോടതി തനിക്ക് നിയമനം നൽകണമെന്ന ഉത്തരവ് വന്നത് 17.07.2020-ൽ ആണെന്നും കൂടാതെ വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ ചാരായ തൊഴിലാളി ആശ്രിത നിയമനത്തിനായുള്ള സർട്ടിഫിക്കറ്റ് 01.02.2017-ൽ അനുവദിച്ചുതന്നിട്ടുണ്ടെന്നും ഇക്കാര്യങ്ങൾ പരിഗണിച്ച് നിയമനം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ.ശരത്ത്.കെ പരാമർശം (5) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

4. ശ്രീ.ശരത്ത്.കെ ഫയൽ ചെയ്ത 8077/2017 നമ്പരായി റിട്ട് പെറ്റീഷന്റെ അടിസ്ഥാനത്തിൽ, സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ.ശരത്ത്.കെ യുടെ ജനന തീയതി 25.01.1992 ആണ്. ടിയാന്റെ പിതാവ് 22.11.1997-ൽ ആത്മഹത്യ ചെയ്തതാണ്. അപേക്ഷകന്റെ പിതാവ് മരിക്കുന്ന സമയത്ത് ടിയാൻ മൈനർ ആണ്. 25.01.2010-ന് ശ്രീ.ശരത്തിന് 18 വയസ്സ് പൂർത്തിയായിട്ടുണ്ട്. പ്രായപൂർത്തിയായതിനു ശേഷം 30.01.2017-ൽ കോഴിക്കോട് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർക്ക് അപേക്ഷ നൽകിയിട്ടുള്ളതായും കാണുന്നു.

5. മേൽ സാഹചര്യത്തിൽ, ആശ്രിത നിയമനത്തിനായി ശ്രീ ശരത്ത് .കെ 30.01.2017-ൽ നൽകിയ അപേക്ഷ പരിഗണിച്ച് ടിയാന് 07.08.2004-ന് മുൻപ് ആത്മഹത്യ ചെയ്യപ്പെട്ട ചാരായ തൊഴിലാളിയുടെ ആശ്രിതൻ എന്ന നിലയ്ക്ക് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ പരാമർശം (1) പ്രകാരം ആവിഷ്കരിച്ച പുനരധിവാസപദ്ധതിയിൽ ഉൾപ്പെടുത്തി ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ഈ ഉത്തരവിന്റെ

അടിസ്ഥാനത്തിൽ അപേക്ഷകൻ നിയമനത്തിനായി ഹാജരാക്കുന്ന രേഖകളുടെ ആധികാരികത കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്. അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും വിവരം തെറ്റാണെന്ന് ഏതെങ്കിലും ഘട്ടത്തിൽ ബോധ്യപ്പെടുകയോ , സർക്കാർ ഉത്തരവ് തെറ്റായിട്ടാണ് പുറപ്പെടുവിച്ചതെന്ന് കാണപ്പെടുകയോ ചെയ്യുന്ന പക്ഷം മുൻകൂർ നോട്ടീസ് നല്കാതെ തന്നെ നിയമനം റദ്ദ് ചെയ്യുന്നതിന് സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

6. ബഹു.ഹൈക്കോടതിയുടെ പരാമർശം (2) ലെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ എസ്**

**ജോയിന്റ് സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.(ആമുഖ കത്ത് സഹിതം).
ശ്രീ.ശരത്ത്.കെ, കേക്കടവൻ വീട്, ചെമ്പൻചേരി , ബളാൽ.പി.ഒ, കാസറഗോഡ്.
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ, തിരുവനന്തപുരം.
ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് ( വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Santhoshkumar P B
Date: 15-11-2021 10:33:51
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ് :-

1. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2. ബഹു.തദ്ദേശ സ്വയംഭരണം ഗ്രാമവികസനം എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.